(ബി) പ്രവേശനപരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുവാനുതകുന്ന എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) നിലവിലുള്ള സംവിധാനത്തെ ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനമായി പരിവർത്തനം ചെയ്യുന്നതിനോടുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ 22-11-1999-ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് എം.എസ് 153/99/ഉ.വി.വ. ന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.† അതനുസരിച്ചുള്ള നടപടികൾ പരീക്ഷാ കമ്മീഷണർ സ്വീകരിച്ചു വരുന്നു.

(സി) ഇക്കാര്യം പരിശോധിക്കുന്നതിന് മന്ത്രിസഭ ഉപസമിതിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

69 (487) പ്രവേശന പരീക്ഷാ പരിഷ്കരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശനപരീക്ഷ പരിഷ്കരിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രവേശനപരീക്ഷ പരിഷ്കരിക്കുന്നതിനുതകുന്ന ശുപാർശകൾ നൽകാൻ നിയമിച്ച കമ്മിറ്റി പ്രവേശന പരീക്ഷയ്ക്ക് ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി ഉണ്ടാകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) അപ്രകാരം ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി രൂപീകരിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവേശനപരീക്ഷ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി വിദഗ്ധ സമിതിയെ നിയമിക്കുകയും ടി സമിതിയുടെ ശുപാർശകളിൽ 2000 മുതൽ നടപ്പാക്കേണ്ട ചില കാര്യങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മറ്റു ശുപാർശകൾ വിശദമായി പരിശോധിക്കുന്നതിന് മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുവാനായി മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്.

70 (489) മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. അടൂർ പ്രകാശ് :

† II-ാം നമ്പർ അനുബന്ധം കാണുക

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശനത്തിനായി എപ്പോഴെല്ലാം എൻട്രൻസ് പരീക്ഷകൾ നടത്തി;

(ബി) ഇതിൽ ഏതിനെല്ലാം റീ കൗൺസിലിംഗ് വേണ്ടതായി വന്നു;

(സി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഈ ന്യൂനതകൾക്കുള്ള ഉത്തരവാദിത്വം ആർക്കെല്ലാമായിരുന്നു എന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് അന്വേഷണം നടത്താത്തപക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996, 97, 98, 99 എന്നീ വർഷങ്ങളിൽ പ്രവേശന പരീക്ഷ നടത്തി.

(ബി) 1998-ലും 1999-ലും റീ കൗൺസിലിംഗ് വേണ്ടി വന്നു.

(സി) 1998-ൽ ചില പ്രോസ്പെക്ടസ് വ്യവസ്ഥകൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതിനെ തുടർന്നും 1999-ൽ ചോദ്യത്തിനും മാതൃകാ ചോദ്യത്തിനും തെറ്റു കടന്നു കൂടിയതു കണ്ടെത്തിയതിനെ തുടർന്നുമാണ് റീകൗൺസിലിംഗ് വേണ്ടി വന്നത്.

(ഡി) ഇക്കാര്യത്തിൽ പ്രത്യേകിച്ചന്വേഷണത്തിന്റെ ആവശ്യമുള്ളതായി കണ്ടില്ല.

(ഇ) ഉദിക്കുന്നില്ല.

71 (490) എൻട്രൻസ് പരീക്ഷയുടെ ചോദ്യ പേപ്പർ

ശ്രീ. എം. മുരളി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990-ലെ എഞ്ചിനീയറിംഗ്, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് നടത്തിയ എൻട്രൻസ് പരീക്ഷയുടെ ചോദ്യ പേപ്പർ തയ്യാറാക്കിയത് ആരാണ്;

(ബി) ചോദ്യങ്ങളിൽ തെറ്റു വരുത്തിയത് സംബന്ധിച്ച് ചോദ്യപേപ്പർ തയ്യാറാക്കിയവരുടെ പേരിൽ എന്ത് നടപടിയെടുത്തെന്ന് വിശദമാക്കുമോ;

(സി) ഒരു നടപടിയും എടുത്തില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളിലെപ്പോലെ അന്യസംസ്ഥാനങ്ങളിലുള്ള വിദഗ്ധന്മാരാണ് 1999 ലെയും പ്രവേശന പരീക്ഷാ ചോദ്യപേപ്പറുകൾ തയ്യാറാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly